## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7131 | 11.07.2014 ൽ മറുപടി നൽകേണ്ടത്

### ചടയമംഗലം മുല്ലപ്പന്തൽ എസ്റ്റേറ്റ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ചടയമംഗലം ഇളവക്കോട് മുല്ലപ്പന്തൽ എസ്റ്റേറ്റ് ഭൂരഹിതർക്കായി വിതരണം ചെയ്യുന്നതിന് ഏറ്റെടുത്തശേഷം വിതരണം ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം വില്ലേജിൽ ഇളവക്കോട് മുല്ലപ്പന്തൽ എസ്റ്റേറ്റ് ഉൾപ്പെട്ടുവരുന്ന സർവ്വേ നം 289/2 ൽപ്പെട്ട 3.64ഏക്കർ ഭൂമി സർവ്വേ ചെയ്ത് പ്ലോട്ടുകളാക്കി തിരിച്ച് വിതരണത്തിന് സജ്ജമാക്കിയിരുന്നതാണ്. എന്നാൽ പ്രസ്തുത ഭൂമിയിലെ അനധികൃത കൈവശക്കാർ ബഹു.കേരള ഹൈക്കോടതിയിൽ 4944/2014, 7865/2014, 7895/2014 എന്നീ നമ്പർ സിവിൽ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും, ഇവയിൽ യഥാക്രമം 19.02.2014, 19.032014 തീയതികളിൽ ബഹു.കേരള ഹൈക്കോടതി പ്രസ്തുത കക്ഷികളെ ഒഴിപ്പിക്കുന്നത് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതു വരെ താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയുമാണ്. |
| (ബി) ഈ ഭൂമി ഭൂരഹിതർക്കായി വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | (ബി) ബഹു.കേരള ഹൈക്കോടതി പ്രസ്തുത റിട്ട് ഹർജികൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.